പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1625 — 04-12-2018-ലെ മറുപടിയ്ക്ക്

**കുട്ടനാട്ടിലെ കർഷകർക്കുള്ള സമാശ്വാസ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിൽ ദുരിതമനുഭവിക്കുന്ന കർഷകർക്ക് സർക്കാരിന്റെ ഭാഗത്ത് നിന്നും എന്തൊക്കെ സമാശ്വാസ പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ഏതെല്ലാം കാര്യങ്ങൾ ഇതിനകം പ്രാവർത്തികമാക്കി; വിശദമാക്കുമോ; | (എ) | <u>കർഷകർക്ക് സർക്കാരിന്റെ ഭാഗത്തു നിന്നും പ്രഖ്യാപിച്ച സമാശ്വാസ പദ്ധതികൾ</u><br>മടവീഴ്ചയുണ്ടായ മുഴുവൻ പാടശേഖരങ്ങളിലേയും മടകുത്തുന്നതിന് വാല്യുവേഷൻ അനുസരിച്ച് പൂർണ്ണമായ ധനസഹായം നൽകും. കേടുപാടുകൾ സംഭവിച്ച മുഴുവൻ ബണ്ടുകളും റിപ്പയർ ചെയ്ത് യഥാസമയം പുഞ്ച കൃഷി ഇറക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും. പാടശേഖരങ്ങളിൽ അടിഞ്ഞു കൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് നിലം കൃഷിയോഗ്യമാക്കും. എല്ലാ പാടശേഖരങ്ങൾക്കും പുഞ്ചകൃഷിക്ക് നെൽവിത്ത് സൗജന്യമായി നൽകി. കൃഷിനാശമുണ്ടായ എല്ലാ കർഷകർക്കും മാനദണ്ഡമനുസരിച്ച് ധനസഹായം കർഷകരുടെ അക്കൗണ്ടിൽ നൽകും. കുട്ടനാടൻ പാടശേഖരങ്ങൾക്ക് 100 കി.ഗ്രാം/ഹെക്ടർ എന്നുള്ള വിത്തിന്റെ അളവ് കർഷകരുടെ ആവശ്യപ്രകാരം 125 കി.ഗ്രാം ആയി വർദ്ധിപ്പിക്കും. പ്രളയവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തികളിൽ ഇ-ടെണ്ടർ നടപടികളിൽ ഇളവ് അനുവദിക്കും. പ്രളയംമൂലം വിളവെടുപ്പിന് മുമ്പ് രണ്ടാം കൃഷി നഷ്ടം മുഴുവൻ പാടശേഖരങ്ങൾക്കും പമ്പിംഗ് സബ്സിഡി അനുവദിക്കും.<br><br><u>പ്രഖ്യാപിച്ച പദ്ധതികളിൻമേൽ സ്വീകരിച്ച നടപടി</u><br>കളക്ടറുടെ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ പമ്പുസെറ്റുകൾ ഉപയോഗിച്ചും വാട്ടർ അതോറിറ്റി ഇറിഗേഷൻ വകുപ്പുകളുടെ നേതൃത്വത്തിൽ മടവീണ പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ചു.<br>മടവീഴ്ചയുണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് 20% തുക അഡ്വാൻസായും ബാക്കി 80% തുക കാർഷിക എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാല്യുവേഷൻ അനുസരിച്ചും അനുവദിച്ച് വരുന്നു.<br>കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്യു കിലോ മീറ്ററിന് 60000/- രൂപ എന്ന നിരക്കിൽ ധനസഹായം പാടശേഖര സമിതികൾക്ക് നൽകി വരുന്നു.<br>പാടശേഖരങ്ങളിൽ അടിഞ്ഞു കൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് കൃഷിയോഗ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഹെക്ടറിന് 12200 രൂപ പ്രകാരം ആനുകൂല്യം നൽകുന്നു.<br>കുട്ടനാട്ടിൽ പുഞ്ചകൃഷിക്ക് ആവശ്യമായ നെൽവിത്ത് 125 കി.ഗ്രാം/ ഹെക്ടർ നിരക്കിൽ സൗജന്യമായി വിതരണം ചെയ്തു. 2018 ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ അതിവൃഷ്ടിമൂലമുള്ള പ്രളയത്തെ തുടർന്ന് തകർന്ന മടകളുടെ പുനർനിർമ്മാണം സംബന്ധിച്ച തുടർ പ്രവർത്തനങ്ങളെ ഇ-ടെൻഡർ/ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കി പാടശേഖര സമിതി വഴി നടപ്പിലാക്കുന്നതിനും, ബണ്ട് ബലപ്പെടുത്തുന്നതിനും / ഉയർത്തുന്നതിനും ഉപയോഗിക്കുന്ന മണ്ണിന്റെ അളവ് 1000 ക്യൂ മീറ്ററിനുള്ളിൽ വരുന്ന സാഹചര്യത്തിൽ ലെവൽ മെഷർമെന്റില്ലാതെ ടേപ്പ് മെഷർമെന്റ് മുഖേന വാല്യുവേഷൻ നൽകുന്നതിനും പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.<br>വിളവെടുപ്പിന് മുമ്പേ നെൽകൃഷി നഷ്ടപ്പെട്ട പാടശേഖരങ്ങൾക്കും പമ്പിംഗ് സബ്സിഡി നൽകി. കൂടാതെ തുടർച്ചയായി രണ്ട് തവണ കൃഷി ചെയ്തില്ലാ എന്ന കാരണത്താൽ പമ്പിംഗ് സബ്സിഡി നിഷേധിക്കപ്പെട്ട പാടശേഖരങ്ങൾക്കും പമ്പിംഗ് സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. വിളവെടുപ്പിന് മുൻപ് തന്നെ കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി ലഭിക്കുവാനും കോൺട്രാക്ടർക്ക് നൽകുന്ന അതേ നിരക്കിൽ പാടശേഖരസമിതി/ കർഷകർ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്ക് ലഭിക്കുമെന്നും ഉത്തരവായിരിക്കുന്നു. |
| **(ബി)** | കുട്ടനാട്ടിൽ ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിരമായി ചെയ്തുകൊടുക്കേണ്ട കാര്യങ്ങൾ സൂചിപ്പിച്ച് പ്രതിപക്ഷനേതാവ് കത്ത് നൽകിയിരുന്നോ; പ്രസ്തുത ആവശ്യങ്ങളിൽ ഏതെങ്കിലും ആവശ്യങ്ങൾ ഇതിനകം പരിഗണിച്ചിട്ടുണ്ടോ? | **(ബി)** | കർഷക സംഘടനകളുടെ നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട് . നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**